**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 138** **12-01-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം റൂറൽ ജില്ലാ പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം റൂറൽ ജില്ലാ പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; | (എ) | 26.09.2018 തീയതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | കെട്ടിടത്തിന്റെ അകത്തെ പ്ലാസ്റ്ററിംഗ് വർക്ക് പൂർണ്ണമായി പൂർത്തീകരിച്ചു. പുറത്തെ പ്ലാസ്റ്ററിംഗ് വർക്ക് 50% പൂർത്തീകരിച്ചിട്ടുണ്ട്. ടെറസ് ഫ്ലോറിന്റെ മുകളിലുള്ള വാട്ടർ ടാങ്കിന്റെ ജോലികൾ പുരോഗമിക്കുന്നു. ഫിനിഷിംഗ് വർക്കുകൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| (സി) | നിർമ്മാണ പ്രവർത്തികൾ മന്ദഗതിയിലാണ് നടക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡിനെ തുടർന്നുള്ള നിയന്ത്രണങ്ങൾ മൂലം നിർമ്മാണ പ്രവർത്തികൾ മന്ദഗതിയിലാവുകയും നിലയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ത്വരിതഗതിയിൽ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. |
| (ഡി) | നിർമ്മാണ പ്രവർത്തികൾ ഊർജ്ജിതമാക്കുന്നതിനും നിർമ്മാണം ഈ സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കുന്നതിനും വേണ്ടി എന്തെല്ലാം സഹായ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഡി) | നിർമ്മാണ പ്രവർത്തികൾ ഊർജ്ജിതമാക്കുവാൻ കുടിശ്ശിക ഉണ്ടായിരുന്ന പാർട്ട് ബില്ലുകൾ എല്ലാം കരാറുകാരൻ നൽകുകയും വർക്ക് ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ